ഭരണഭാഷ-മാതൃഭാഷ

നമ്പർ.401002/GGGR12/GPO/2024/325/(1)

തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് ആഫീസ്
തവിഞ്ഞാൽ
തലപ്പുഴ.പി.ഓ
വയനാട്
Phone No:04935256236
E-mail:thavinhalgpo@gmail.com

തീയതി : 30/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു. ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്

സർ,

വിഷയം:- പരാതി പരിഹാരം,മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ - ശ്രീ.കെ.മുരളീധരൻ എന്നവരുടെ പരാതി മറുപടി സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- അങ്ങയുടെ 21/01/2024 തിയതിയിലെ ഇ-മെയിൽ സന്ദേശം..

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് വാർഡ് -8, തലപ്പുഴയിൽ താമസിക്കുന്ന ശ്രീമതി പത്മിനി.കെ, കരുണാലയം എന്നവർ 21/11/2017 തിയതി കെട്ടിട നമ്പർ ലഭിക്കുന്നതിനായി എ4-8072/2017 നമ്പറായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 10.10എം2 വിസ്തീർണ്ണമുള്ള കടമുറിക്ക് കെട്ടിട നമ്പറിനാണ് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയത് സ്ഥല പരിശോധന നടത്തിയതിൽ നിലവിൽ ടി കെട്ടിടത്തോട് ചേർന്ന് 10.36M2 അധിക നിർമ്മാണം നടത്തിയിട്ടുണ്ട്. നിലവിൽ പ്രസ്തുത കെട്ടിടവും നിലവിലുള്ള റോഡുമായി 2മീറ്ററോളം മാത്രമേ അകലം പാലിക്കുന്നുള്ളൂ. ടി കെട്ടിട നിർമ്മാണം 2019 ലെകേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടം 26(4)(4എ), കേരള പഞ്ചയാത്ത് രാജ് നിയമത്തിലെ വകുപ്പ് 220(ബി) എന്നിവ ലംഘിക്കുന്നുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ശ്രീ അബ്ദു റഹ്മാൻ കൂർമ്മത്ത് എന്നവർ തലപ്പുഴ ടൌണിൽ നിരവധി അനധികൃത നിർമ്മാണങ്ങൾ ഉള്ളത് പരിശോധിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ മുമ്പാകെ ആവശ്യപ്പെട്ടതനുസരിച്ച് ബഹു.ചീഫ് ടൌൺ പ്ലാനർ (വിജിലൻസ്) തലപ്പുഴ ടൌണും സമീപ സ്ഥലങ്ങളും നേരിട്ട് പരിശോധിച്ചതിൽ ശ്രീമതി പത്മിനി, കരുണാലയം, തലപ്പുഴ

എന്നവരുടെ പ്രസ്തുത കെട്ടിടവും പരിശോധിക്കുകയും, ആയത് അനധികൃത നിർമ്മാണമാണെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുള്ളതാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

ശ്രീമതി പത്മിനി.കെ, കരുണാലയം എന്നവർ ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര അദാലത്തിൽ സമർപ്പിച്ച പരാതി 10/04/2023 തിയതി ഈ ഓഫീസിൽ ലഭിക്കുകയും, കൃത്യസമയത്തു തന്നെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. അദാലത്തിൽ പ്രസ്തുത പരാതി പരിശോധിക്കുന്നതിന് വകുപ്പ് മന്ത്രി നേരിട്ട് ടൌൺ പ്ലാനർക്ക് നിർദ്ദേശം നൽകുകയും, ടൌൺ പ്ലാനർ സ്ഥലപരിശോധന നടത്തുകയും ചെയ്തതാണ്. ആയതിന്റെ മറുപടി നാളിതുവരെ ഈ ഓഫീസിൽ ലഭ്യമായിട്ടില്ല. അല്ലാതെ അപേക്ഷകൻ പരാതിയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം മനപൂർവ്വമായി മാസങ്ങളോളം സേവനം നൽകാതെ ഫയലുകൾ വെച്ച് താമസിപ്പിച്ചിട്ടില്ലാത്തതുമാണെന്നുള്ള വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

എൻ എ ജയരാജൻ
സെക്രട്ടറി

Document certified by JAYARAJAN N A
<JAYARAJAN14@GMAIL.COM>.
Digitally signed by JAYARAJAN N A
Date: 2024.01.30 [illegible]:15:19 IST
Reason: ILGMS Govt. of kerala

ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ
ജില്ല നഗരാസൂത്രകൻറെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കൽപ്പറ്റ, വയനാട്
ഇമെയിൽ: tpwyd.lsgdplng@kerala.gov.in
ഫോൺ: 04936 203202, തീയതി: 17/10/2023

പ്രേഷകൻ

ടൗൺ പ്ലാനർ
വയനാട്

സ്വീകർത്താവ്

ജോയിൻറ് ഡയറക്ടർ,
തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്

സർ,

വിഷയം : കരുതലും കൈത്താങ്ങും- ശ്രീ കെ മുരളീധരൻറെ അപേക്ഷ - സംബന്ധിച്ച് .

സൂചന : 29 / 04 2023 തിയ്യതിയിലെ TLKMDY / 2417 / 2022 -A 2 നമ്പർ കത്ത്.

ശ്രീ. കെ. മുരളീധരൻ എന്നയാൾ 'കരുതലും കൈത്താങ്ങും ' എന്ന അദാലത്തിൽ സമർപ്പിച്ച അപേക്ഷ ബഹു.തദ്ദേശ സ്വയംഭരണ മന്ത്രിയുടെ നിർദ്ദേശാനുസരണം പരാതിക്കാരന്റെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയിരുന്നു.

അപേക്ഷകന്റെ മാതാവായ ശ്രീമതി. പത്മിനി അവറുകളുടെ പേരിലാണ് പ്രസ്തുത കെട്ടിടം ഇരിക്കുന്ന സ്ഥലം. തവിഞ്ഞാൽ പഞ്ചായത്തിൽ മാനന്തവാടി-തലശ്ശേരി റോഡിൽ തലപ്പുഴ ടൗണിൽ നിന്നും തലശ്ശേരി റോഡിൽ ഏകദേശം 100 മീറ്റർ മാറി റോഡിന്റെ തെക്ക് ഭാഗത്തായാണ് പ്രസ്തുത സ്ഥലം. സ്ഥലത്ത് നിലവിൽ കാലപ്പഴക്കമുള്ള TP 8/34 നമ്പറോട് കൂടിയ താമസ കെട്ടിടവും, 3 മീറ്റർ വീതിയും 3 .20 മീറ്റർ നീളവും വരുന്ന ആകെ 9.60 ചതു.മീറ്റർ ഫ്ലോർ ഏരിയയുള്ള വാണിജ്യ കെട്ടിടത്തിന്റെ മുൻഭാഗം ചേർന്ന് 3 .00x 3 .20 മീറ്റർ അളവിൽ GI പൈപ്പ്, ഷീറ്റ് റൂഫ് ചെയ്ത് ചുറ്റും മെഷ് വർക്ക് ചെയ്തിട്ടുള്ളതായി കാണുന്നു.

ഓഫീസറുടെ റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

എന്നാൽ അപേക്ഷകന്റെ കൈവശമുള്ള സ്ഥലം നിലം അണെങ്കിലും ടാറ്റ ബാങ്കിൽ ഉൾപ്പെടാത്ത സ്ഥലം ആണെങ്കിൽ മേൽ അപേക്ഷ പരിഗണിക്കുന്നതിന് ആവശ്യമായ കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിൽ (16/05/2018 തിയ്യതിയിലെ 40/18-19 നമ്പർ) അപേക്ഷകയായ ശ്രീമതി.പത്മിനി എന്നവരുടെ കൈവശത്തിലുള്ള 0.6052 ഹെക്ടർ സ്ഥലത്തിൽ 0.1400 ഹെക്ടർ സ്ഥലം 2008 ന് മുൻമ്പ് താരമാറ്റപ്പെട്ടതായും പറയുന്നുണ്ട്. 16.05.2018 ലെ കൃഷി ഓഫീസറുടെ റിപ്പോർട്ട് ആധാരമാക്കി 26/07/2019 തീയതിയിൽ നടന്നിട്ടുളള അദാലത്തിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 26/07/2019 തീയതിയിലെ A7-1371/18 നമ്പർ കത്ത് പ്രകാരം പ്രസ്തുത നിർമ്മാണം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് അറിയിച്ചിട്ടുള്ളതായി കാണുന്നു. 04.12.2017 ലെ റിപ്പോർട്ടിൽ ഫ്രണ്ട് യാർഡ് 6 മീറ്റർ ഉള്ളതായി പ്ലാനിൽ അപേക്ഷകൻ കാണിച്ചിട്ടുണ്ടെന്നും ആയതിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിയോജിപ്പ് അറിയിച്ചിട്ടില്ല എന്ന് കാണുന്നു. മേൽ പ്ലാനുകൾ പ്രകാരം സമർപ്പിച്ചിട്ടുള്ള അളവുകൾ കൃത്യമാണെങ്കിലും പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കൂട്ടിച്ചേർക്കലിൽ നിന്നും 2.8 മീറ്റർ ലഭിക്കേണ്ടതാണ്. എന്നാൽ നിലവിൽ 2 മീറ്ററാണ് ലഭ്യമായത്. നിലവിൽ കെട്ടിടത്തിന് KPBR-2011 ലെ ചട്ടം 4, 27 (1), 27 (3), 28 എന്നീ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘനങ്ങൾ നിലവിലുള്ളത് കൊണ്ടും അപേക്ഷകന്റെ സ്ഥലം രേഖകൾ പ്രകാരം നിലം ആയതുകൊണ്ടുമാണ് അപേക്ഷ പരിഗണിക്കാൻ സാധിക്കാത്തത് എന്ന് കാണുന്നു. ആയതിൽ അപേക്ഷകന്റെ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി 20/07/2023 ന് തഹസിൽദാർ മാനന്തവാടിക്കും തവിഞ്ഞാൽ കൃഷി ഓഫീസർക്കും കത്ത് നൽകിയിരുന്നു.

1. കെട്ടിടം നിൽക്കുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് കൃഷി ഓഫീസർ വ്യക്തമാക്കുക. (വ്യക്തത വരുത്തുന്നതിന് 20.07.2023 ന് ഇതേ നമ്പർ കത്ത് പ്രകാരം കൃഷി ഓഫീസക്ക് കത്ത് അയച്ചിട്ടുണ്ട്)
2. റോഡ് വികസനം നടത്തുമ്പോൾ അപേക്ഷകന് സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് PWD (റോഡ്സ് എഞ്ചിനീയറിംഗ് വിഭാഗം) ഉറപ്പ് വരുത്തേണ്ടതാണ്. (വ്യക്തത വരുത്തുന്നതിന് 13.07.2023 ന് ഇതേ നമ്പർ കത്ത് പ്രകാരം അയച്ചിട്ടുണ്ട്)
3. അപേക്ഷകന്റെ സ്ഥലത്തിന്റെ കൃത്യമായ റോഡ് അതിർത്തി നിർണ്ണയം

… സർവേ നമ്പറിൽ കൂടുതൽ വ്യക്തത വേണം എന്നാണ് കൃഷി ഓഫീസർ വീണ്ടും അറിയിച്ചിരിക്കുന്നത്. ആയത് പ്രകാരം അപേക്ഷകനെ ബന്ധപ്പെട്ടതിൽ സർവേ നമ്പറിൽ കൂടുതൽ വ്യക്തത വരുത്താൻ സാധിച്ചില്ല. തഹസിൽദാരിൽ നിന്നും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. മേൽ വിഷയത്തിൽ തീർപ്പ് കല്പിക്കുന്നതിന് വേണ്ടി അങ്ങയുടെ അടിയന്തിര ഇടപെടൽ ആവശ്യമാണെന്ന് കാണുന്നു. ആയതിനു വേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by Dr. Athira Ravi
Date: 17-10-2023 15:18:31
Reason: Approved

ഡോ.ആതിര രവി
ടൗൺ പ്ലാനർ